**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2999** **10-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ.; | (എ) | വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇടുക്കി ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദമാക്കാമോ; | (ബി) | വിശദാംശം അനുബന്ധം 2ആയി ചേർക്കുന്നു |
| (സി) | പീരുമേട് മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികളായി രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ; | (സി) | പീരുമേട് നിയമസഭാ മണ്ഡലത്തിൽ 57 പേർ ഉൾനാടൻ മത്സ്യത്തൊഴിലാളികളായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട് മണ്ഡലത്തിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | വിശദാംശം അനുബന്ധം 3ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ**

**1. മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ സമാശ്വാസപദ്ധതി**

മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ അവരുടെ ജീവസന്ധാരണത്തിനും മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയും നടപ്പിലാക്കുന്ന പദ്ധതിയാണ്.

**2. കേരള റിസർവോയർ ഫിഷറീസ് ഡവലപ് മെന്റ് പദ്ധതി**

കൂടുതൽ മത്സ്യലഭ്യത ഉറപ്പാക്കി മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മേച്ചപ്പെടുത്തുന്നതിനായി റിസർവോയറുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി.

3. **പ്രീ മെടിക് പോസ്റ്റ് മെടിക് വിദ്യാഭ്യാസാനുകൂല്യം**

മത്സ്യത്തൊഴിലാളി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു.

4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

**കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന**

1. സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്ന പദ്ധതി MBBS, BDS, BAMS, BHMS പാരാമെഡിക്കൽ കോഴ്സുകൾ എന്നീ പ്രൊഫഷണൽ മെഡിക്കൽ കോഴ്സുകൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭ്യമാകാത്തതിനാൽ സ്വാശ്രയ കോളേജുകളിലോ, വിദേശത്തോപോയി പഠിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

2. **ക്ഷേമനിധി അംഗങ്ങളുടെ ഭാര്യക്കും/ഭർത്താവിനും മൈനറായ കുട്ടികൾക്കും മാരകരോഗം സംഭവിച്ചാൽ ചികിത്സാ സഹായം നൽകുന്നതിനുള്ള പദ്ധതി**

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും കുടുംബത്തിന് മികച്ച ചികിത്സ ഉറപ്പ് വരുത്തുന്നതിനും മാരകരോഗം മൂലമുണ്ടാകാവുന്ന അപ്രതീക്ഷിത സാമ്പത്തിക പ്രതിസന്ധികളിൽ താങ്ങാവുന്നതിനും വേണ്ടി മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ഭാര്യക്കോ ഭർത്താവിനോ 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കോ മാരകരോഗ ചികിത്സയ്ക്കായി പരമാവധി 25,000/- രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

**3. ഗ്രന്ഥശാല/വായനശാല നവീകരിക്കുന്നതിനുള്ള പദ്ധതി'**

ഗ്രന്ഥശാലകൾ നവീകരിക്കുന്നതു വഴി ലക്ഷ്യബോധമുള്ള മത്സ്യത്തൊഴിലാളി സമൂഹത്തെ വാർത്തെടുക്കുന്നതിനും അതുവഴി നാടിന്റെ സാംസ്കാരിക ഉന്നമനത്തിനും

വേണ്ടിയുള്ള പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്കായി , ഫിഷറീസ് ഓഫീസ് പരിധിയിലെ തെരഞ്ഞെടുക്കപ്പെടുന്ന ഗ്രന്ഥശാലയ്ക്ക് 20,000/- രൂപ വീതം ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നു.

**4 .മത്സ്യബോർഡിനു വേണ്ടി രക്ഷാസേന രൂപികരിക്കൽ**

പെട്ടെന്നുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങളും, അപകട സാധ്യതകളും മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും അപകട സാഹചര്യത്തിൽ പ്രവർത്തിക്കുന്നതിനുമായി രക്ഷാസേനയെ രൂപീകരിക്കുന്ന പദ്ധതിയാണിത്.

**5. മത്സ്യ, അനുബന്ധത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനുളള പദ്ധതി**

മത്സ്യബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങളും , ക്ഷേമനിധി ബോർഡ് മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങളും മത്സ്യ, അനുബന്ധത്തൊഴിലാളി സമൂഹത്തിൽ എത്തിക്കുന്നതിനും മത്സ്യ, അനുബന്ധത്തൊഴിലാളികളിൽ ആയത് സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള  പദ്ധതിയാണിത്. ഓരോ ജില്ലകളിലും പദ്ധതി നടത്തിപ്പിനായി ജില്ലാ അടിസ്ഥാനത്തിൽ 15,000/- രൂപ ബന്ധപ്പെട്ട റീജിയണൽ എക്സിക്യൂട്ടിവിന് അനുവദിയ്ക്കുന്നു.

**6. മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി.**

അപകടങ്ങളിൽപ്പെടുന്ന യാനങ്ങൾക്കും അവയിലെ ഉപകരണങ്ങൾക്കും ഉണ്ടാകാവുന്ന നഷ്ടം നികത്തുന്നതിനായി മത്സ്യബന്ധനയാനങ്ങൾക്കും, വല തുടങ്ങിയ മത്സ്യബന്ധന ഉപകരണങ്ങൾക്കും അപകടങ്ങളിൽ നഷ്ടം സംഭവിക്കുമ്പോൾ ഉടമസ്ഥർക്കുണ്ടാകുന്ന നഷ്ടം ലഘൂകരിക്കുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

**7. കായിക വിനോദ മത്സരത്തിൽ ഉന്നത വിജയം നേടുന്നവർക്ക് തുടർപരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി**

സംസ്ഥാന തലത്തിലും ദേശീയ തലത്തിലുമുള്ള മത്സരങ്ങളിൽ ആദ്യ  മൂന്ന് സ്ഥാനങ്ങളിൽ വിജയിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും മക്കൾക്ക് അംഗീകൃത പരിശീലകനിൽ നിന്നും അംഗീകൃത പരിശീലന സ്ഥാപനത്തിൽ നിന്നും തുടർ പരിശീലനം നേടുന്നതിനായി  ഒരു ഗുണഭോക്താവിന് 50,000/- രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

**8. അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് യാത്രാചിലവിനായി ധനസഹായം നൽകുന്ന പദ്ധതി**

ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കളിൽ ദേശീയ തലത്തിലും  സംസ്ഥാന തലത്തിലും വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്  നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കായിക മേഖലയിൽ മികച്ച വിജയം നേടി അന്താരാഷ്ട്ര മത്സരങ്ങളിൽ

പങ്കെടുക്കുന്നതിന് യോഗ്യത നേടിയ മികച്ച കായിക പ്രതിഭകൾ യാത്രാചിലവിനത്തിൽ വരുന്ന ഭാരിച്ച സാമ്പത്തിക ബാധ്യത മൂലം ഇത്തരം മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കാതെ വരുന്ന അവസരങ്ങൾ ശ്രദ്ധയിൽപെട്ടതിനാൽ ഇത് പരിഹരിക്കുന്നതിനായി ഇത്തരം പ്രതിഭകൾക്ക് യാത്രാചിലവിനായി ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടിയ കായിക പ്രതിഭകളുടെ യാത്രാച്ചിലവിനായി പരമാവധി ഒരാൾക്ക് ഒരു ലക്ഷം രൂപയാണ് ധനസഹായം അനുവദിക്കുന്നത്.

### 9. അംഗവൈകല്യം സംഭവിച്ച തൊഴിലാളിക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം

മത്സ്യബന്ധനത്തിൽ/ അനുബന്ധത്തൊഴിലിൽ ഏർപ്പെടുന്നതിനിടെയുള്ള അപകടത്തിൽ അംഗവൈകല്യം സംഭവിച്ച് തൊഴിൽ ചെയ്യാൻ സാധിക്കാത്തവർക്ക് തൊഴിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതിയിൽ ഒരു ഗുണഭോക്താവിന് നൽകുന്ന ധനസഹായം 25,000/- രൂപയാണ്.

### 10. 60 വയസ്സ് കഴിഞ്ഞവരെ ആദരിക്കുന്നതിനുള്ള പദ്ധതി

ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി വിരമിച്ച 60 വയസ്സ് പൂർത്തിയാക്കിയ ക്ഷേമനിധി ബോർഡ് അംഗങ്ങളെ ആദരിക്കുന്നതിനുള്ള പദ്ധതിയാണിത്. ഓരോ ഫിഷറീസ് ഓഫീസിനും പദ്ധതി നടത്തിപ്പിനായി പരമാവധി 10,000/- രൂപ അനുവദിക്കുന്നതാണ്.

### 11. പ്രതിഭകളെ ആദരിക്കുന്ന പദ്ധതി

കലാ, വിദ്യാഭ്യാസ രംഗങ്ങളിൽ കഴിവ് തെളിയിച്ചിട്ടുള്ള പ്രതിഭകളെ ആരദരിക്കുന്നതിനുള്ള പദ്ധതിയാണിത്. ഓരോ ജില്ലയിലും പദ്ധതി നടത്തിപ്പിനായി പരമാവധി 40,000/- രൂപ അനുവദിക്കുന്നു.

### 12. ചെയർമാന്റെ ദുരിതാശ്വാസ നിധി

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾ മൂലവും പ്രകൃതി ക്ഷോഭങ്ങൾ മൂലവും ദുരിതമനുഭവിക്കേണ്ടി വരുന്ന മത്സ്യ, അനുബന്ധത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനായി ബോർഡ് ചെയർമാൻ അനുവദിക്കുന്ന അടിയന്തര ധനസഹായ പദ്ധതിയാണിത്. പരമാവധി 25,000/- രൂപ അനുവദിക്കുന്നു.

### 13. ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ.

ക്ഷേമനിധി അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി നിലവിലെ ഫിഷറീസ് ഓഫീസുകളുടെ പരിമിതികൾ പരിഹരിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, ഫിഷറീസ് സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ധനസഹായം ലഭ്യമാക്കി നടപ്പാക്കുന്ന പദ്ധതിയാണിത്.

### 14. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വിതരണം ചെയ്യുന്ന (PMMSY) പദ്ധതി

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവല്കൃത ആഴക്കടൽ മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നല്കുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പ്രകാരം ഒരു യൂണിറ്റ് ആഴക്കടൽ മത്സ്യബന്ധന ബോട്ടിന് 1.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നല്കുന്നത് 48 ലക്ഷം (40%) രൂപയാണ് (കേന്ദ്ര വിഹിതം 28.8 + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ). എന്നാൽ കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ വില 1.50 കോടി രൂപയാണ്. ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70 % (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപറേഷനിൽ നിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ ഉത്തരവായിട്ടുണ്ട്. അധിക ഗ്രാന്റ് ആയി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾക്ക് ആകെ 306 ലക്ഷം രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്.

കൊച്ചിൻ ഷിപ്പ് യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 ബോട്ടുകൾ രജിസ്ട്രേഷൻ, ഇൻഷൂറൻസ് നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ ക്ഷേമ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തു മത്സ്യബന്ധനം നടത്തി വരുന്നു.

PMMSY (2023-24) യിൽ ഉൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ മത്സ്യത്തൊഴിലാളികൾക്ക്/മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നല്കുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്തിട്ടുള്ള യാന നിർമ്മാണ ശാലകളിൽ സ്വന്തം നിലക്ക് യാനങ്ങൾ നിർമ്മിക്കാവുന്നതാണ്. ആയതിലേക്ക് PMMSY മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ യാന നിർമ്മാണ ശാലകളിൽ നിന്നും Expression of Interest ക്ഷണിക്കുകയും യോഗ്യതയുള്ള യാന നിർമ്മാണ ശാലകൾ ഫിഷറീസ് വകപ്പിന്റെ കീഴിൽ എംപാനൽ ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലകളിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് പൂർത്തീകരിച്ചു വരുന്നു.

**15. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ വിതരണം ചെയ്യുന്ന (PMMSY) പദ്ധതി**

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി 2021-22, 2022-23 സാമ്പത്തിക വർഷം PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 200 FRP യാനങ്ങൾ, എൻജിനുകൾ, വല എന്നിവ യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ 40% സബ്സിഡിയോടെ വിതരണം ചെയ്യുന്ന പദ്ധതിക്ക് അംഗീകാരം ലഭ്യമായി പൂർത്തീകരിച്ചു.

**16. തടി നിർമ്മിതമായ യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങൾക്ക് പകരം സ്റ്റീൽ ഹൾ ആക്കി മാറ്റുന്ന പദ്ധതി.**

കടലിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനു 2023-24 സാമ്പത്തിക വർഷത്തെ 'മത്സ്യബന്ധന യാനങ്ങളുടെ ആധുനീക വൽക്കരണം പദ്ധതി"

പ്രകാരം തടി നിർമ്മിതമായ 40 അടി OAL (മൊത്തം നീളം) ലും 200 എച്ച്പിയിൽ താഴെ പ്രൊപ്പൽഷനുമുള്ള ചെറിയ യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങൾക്ക് പകരം സ്റ്റീൽ ഹൾ ആക്കി മാറ്റുന്നതിനു എഗ്രീമെന്റ് വച്ച ഗുണഭോക്താക്കൾക്ക് 15 ലക്ഷം രൂപ സബ്സിഡി അനുവദിച്ച 23 യാനങ്ങൾ പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.

**17. മത്സ്യബന്ധന യാനങ്ങളിൽ തൊഴിലെടുക്കുന്ന എഞ്ചിൻ ഡ്രൈവർ, സ്രാങ്ക്, ഡെക്ക് ഹാൻഡ് എന്നിവർക്ക് പരിശീലനം.**

മത്സ്യബന്ധന യാനങ്ങളിൽ തൊഴിലെടുക്കുന്ന എഞ്ചിൻ ഡ്രൈവർ, സ്രാങ്ക്, ഡെക്ക് ഹാൻഡ് എന്നിവർക്ക് മത്സ്യബന്ധന പ്രവർത്തനങ്ങളിൽ കൊച്ചിയിലെ CIFNET ൽ വച്ച് പരിശീലനം നൽകുന്നതിനു 2022 – 23 സാമ്പത്തിക വർഷം 20.37 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 90 മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

**18. മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി**

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി 2021–22 സാമ്പത്തിക വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നാളിതുവരെ 3014 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 97 എണ്ണം കൂടി വിതരണം ചെയ്യുന്നതിനുള്ള സപ്ലൈ ഓർഡർ മത്സ്യഫെഡിന് നൽകിയിട്ടുണ്ട്.

**മത്സ്യഫെഡ് മുഖേന**

**1. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന യാനങ്ങളിൽ നിലവിൽ ഉപയോഗിച്ചു വരുന്ന മണ്ണെണ്ണ എഞ്ചിൻ മാറ്റി പകരം പെട്രോൾ എഞ്ചിനാക്കി മാറ്റുന്നതിനുള്ള പദ്ധതി**

പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ മണ്ണെണ്ണ ക്ഷാമവും വിലക്കയറ്റവും മൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായും ഇന്ധനക്ഷമത കൂടിയതും പ്രവർത്തന ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ പെട്രോൾ എഞ്ചിനുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി " മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന യാനങ്ങളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന മണ്ണെണ്ണ എഞ്ചിൻ മാറ്റി പകരം പെട്രോൾ എഞ്ചിനാക്കി മാറ്റുന്നതിനുള്ള പദ്ധതി" നിലവിൽ മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പെട്രോൾ എഞ്ചിനുകൾക്ക് എഞ്ചിൻ വിലയുടെ 50 ശതമാനമോ, 50,000/– രൂപയോ ഏതാണോ കുറവ് ആയത് സബ്സിഡിയായി അനുവദിച്ചു നൽകുന്നു.

**2. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന യാനങ്ങളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന മണ്ണെണ്ണ എഞ്ചിന് പകരം എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കുന്ന പദ്ധതി**

പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ മണ്ണെണ്ണ ക്ഷാമവും വിലക്കയറ്റവും മൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി "മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന

യാനങ്ങളിൽ നിലവിൽ ഉപയോഗിച്ചുവരുന്ന മണ്ണെണ്ണ എഞ്ചിന് പകരം എൽ.പി.ജി ഇന്ധനമായി ഉപയോഗിക്കുന്ന പദ്ധതി" മത്സ്യഫെഡ് 2025– 26 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം 1000 മണ്ണെണ്ണ എഞ്ചിനുകൾ എൽ.പി.ജി. എഞ്ചിനുകൾ ആക്കി മാറ്റുന്നതിന് 355 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## സാഫ് മുഖേന

- മത്സ്യത്തൊഴിലാളി വനിതകളുടെ ക്ഷേമത്തിനായി സാഫ് മുഖേന വിവിധ പദ്ധതികളിലായി 28.55 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
- ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതിയിലൂടെ ചെറുകിട തൊഴിൽ സംരംഭക യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഇതുവരെ 1632 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തിക്കൊണ്ട് 607 ചെറുകിട തൊഴിൽ സംരംഭക യൂണിറ്റുകൾ ആരംഭിക്കുകയും 14.54 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. ഇതിലൂടെ മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിന് സാധിച്ചു. 2022–23 വർഷം മുതൽ ഈ പദ്ധതി ഉൾനാടൻ മേഖലയിലേക്ക് കൂടി വ്യാപിപ്പിച്ച് കേരളത്തിലുടനീളം പദ്ധതി നടപ്പിലാക്കി. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലായി 20 സൂക്ഷ്മ തൊഴിൽ (51 ഗുണഭോക്താക്കൾ) സംരംഭം ആരംഭിക്കുന്നതിന് ധനസഹായം അനുവദിച്ചു.
- യൂണിറ്റുകളുടെ ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനായി 1288 യൂണിറ്റുകൾക്ക് 613.24 ലക്ഷം രൂപ വർക്കിംഗ് ക്യാപ്പിറ്റൽ റിവോൾവിംഗ് ഫണ്ട് ആയി അനുവദിച്ചിട്ടുണ്ട്.
- സംരംഭങ്ങളുടെ സാങ്കേതികവിദ്യാ നവീകരണത്തിനായി 141 യൂണീറ്റുകൾക്കായി 51.34 ലക്ഷം രൂപ അനുവദിക്കുകയും ഇത് വഴി നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനും ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനും സാധിച്ചു.
- സാഫ് യൂണിറ്റുകൾക്ക് ലഘുസംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായും നിലവിലെ ഗ്രൂപ്പുകൾക്ക് വിവിധതരം സാങ്കേതിക പരിശീലനങ്ങൾ നൽകുന്നതിനുമായി 10301 മത്സ്യത്തൊഴിലാളി വനിതകൾക്ക് പരിശീലനം നൽകുക വഴി 50.03 ലക്ഷം രൂപ ചെലവഴിച്ചു.
- ചെറുകിട തൊഴിൽ സംരംഭങ്ങളുടെ രൂപീകരണത്തിനും ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനായി ഗ്രൂപ്പ് എടുക്കുന്ന ബാങ്ക് വായ്പയുടെ പലിശയിൻമേൽ 5% പലിശ സബ്സിഡി അനുവദിച്ചു ഈ കാലഘട്ടത്തിൽ 539 യൂണീറ്റുകൾക്കായി 23.49 ലക്ഷം രൂപ പലിശ സബ്സിഡിയായി അനുവദിച്ചു.
- തീരദേശ ജില്ലകളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ 136 അംഗങ്ങൾക്കും സാഫ് ഗുണഭോക്താക്കൾക്കും മെന്റൽ ഹെൽത്ത് സേവനങ്ങൾ നൽകിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് നടപ്പിലാക്കിയത്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ 136 അംഗങ്ങൾ ഒ.പി രജിസ്റ്റർ ചെയ്യുകയും കൗൺസിലിംഗ് സെഷനുകൾ, തുടർ ചികിത്സകൾ എന്നിവയിൽ 54 പേർക്ക് സേവനം നൽകുകയും തുടർ ചികിത്സകളിലൂടെ 38 പേർക്ക് മരുന്ന് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനായി 10.98 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.
- മത്സ്യകച്ചവടം ചെയ്യുന്നതും, മറ്റ് മത്സ്യഅനുബന്ധ മേഖലയിൽ പണിയെടുക്കുന്നതുമായ മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ ചെയ്യുന്നതിനുള്ള പ്രവർത്തന മൂലധനമായി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിച്ചുവരുന്നു. 2730 മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന 546

ജെഎൽജി യൂണിറ്റുകൾക്ക് 273 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് ഈ കാലയളവിൽ അനുവദിച്ചിട്ടുണ്ട്. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കിയ യൂണിറ്റുകൾക്ക് വിവിധഘട്ടങ്ങളിലായി റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നുണ്ട്. കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്ന് ഒഴിവാക്കുന്നതിന് ഇതുവഴി സാധിച്ചിട്ടുണ്ട്. 525 ലക്ഷം രൂപ ഈ പദ്ധതിയിലൂടെ റിവോൾവ് ചെയ്ത് വരുന്നു.

- തീരമൈത്രി സീഫുഡ് റസ്റ്റോറൻറ് പദ്ധതി പ്രകാരം 155 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 9 തീരദേശ ജില്ലകളിലായി 31 തീരമൈത്രി സീഫുഡ് റസ്റ്റോറൻറുകൾ ഈ കാലയളവിൽ ആരംഭിച്ചു. 5 പേരടങ്ങുന്ന ഒരു സീഫുഡ് റസ്റ്റോറന്റ് രൂപീകരിക്കുന്നതിനായി 155 ലക്ഷം രൂപ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.
- മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ള 55 അഭ്യസ്ത വിദ്യരായ വനിതകൾക്ക് ASAP (Additional Skill Acquisition Programme Kerala) മുഖേന Digital Media & Marketing ൽ 3 മാസത്തെ Online Course നൽകി. സാഫ് യൂണീറ്റുകളിൽ 6 മാസത്തെ ഫീൽഡ്തല പ്രായോഗിക പരിശീലനവും നൽകി. ഇതിനായി 10 ലക്ഷം രൂപ ചെലവഴിച്ചു.
- ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 504 യൂണിറ്റുകൾക്ക് 3.85 കോടി രൂപ ലോൺ ലഭ്യമാക്കിയിട്ടുണ്ട്.
- ചെറുകിട തൊഴിൽ സംരംഭങ്ങളുടെ നിലനിൽപ്പും സുസ്ഥിര വികസനവും മുൻനിർത്തി പ്രവർത്തനം മെച്ചപ്പെടുത്തേണ്ട യൂണിറ്റുകൾക്ക് വേണ്ടി ഓരോ ജില്ലയിലും പ്രോജക്റ്റ് ക്ലിനിക്കുകൾ നടത്തി. പ്രവർത്തനം നിലച്ചതും ബിസിനസ്സ് കുറവായതും ആയ 304 യൂണിറ്റുകൾ പങ്കെടുത്ത പ്രോജക്റ്റ് ക്ലിനിക്കുകളിൽ നിന്ന് 63 യൂണിറ്റുകൾ ബിസിനസ്സ് പുനരാരംഭിച്ചു.
- SAF ഉൽപ്പന്നങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും മാസ ചന്ത സംഘടിപ്പിച്ചുവരുന്നു. യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും മാസചന്തകൾ സംഘടിപ്പിച്ച് വരുന്നു. 272 മാസചന്തകളിൽ (2023 ൽ ആരംഭിച്ച) നിന്നായി 24.44 ലക്ഷം രൂപയുടെ വിറ്റുവരവ് ലഭിച്ചിട്ടുണ്ട്. ഇത് ജനങ്ങൾക്കിടയിൽ സ്വീകാര്യത നേടിയിട്ടുണ്ട്.
- Branding & Marketing ന്റെ ഭാഗമായി യൂണിറ്റുകളെ വിവിധ മേളകളിൽ പങ്കെടുത്തിട്ടുണ്ട്. യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിന് ഇതുവഴി സാധിച്ചിട്ടുണ്ട്. സാഫിൻറെ ഡ്രൈഫിഷ് യൂണീറ്റുകളിൽ നിന്നും തിരഞ്ഞെടുത്ത കയറ്റുമതി ഗുണനിലവാരമുള്ള 6 ഇനം (Prawns, Sole fish, Silver Belly, Anchovy, Shark, Lizard Fish) തീരമൈത്രി ബ്രാൻഡ് ഡ്രൈഫിഷ് ഉൽപ്പന്നങ്ങളാണ് ഫിഷ് & ഫിഷ് കാറ്റഗറി ഫെഡറേഷന്റെ മേൽനോട്ടത്തിൽ വിപണിയിൽ ഇറക്കിയിട്ടുണ്ട്.
- India International Trade Fair ൽ 2013 മുതൽ Commercial Stall, Food Court എന്നീ വിഭാഗങ്ങളിൽ പങ്കെടുത്തുവരുന്നു. 2024 ൽ Commercial Stall വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. രണ്ട് സ്റ്റാളുകളിലുമായി 12.11 ലക്ഷം രൂപയുടെ വിറ്റുവരവ് ലഭിച്ചിട്ടുണ്ട്.
- സാഫ് സംരംഭങ്ങളുടെ ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനായി കാറ്റഗറികളായി തിരിച്ച് Textiles & Garments, Fish & Fish Processing, Food & Food processing, Supermarket & Retail Stores, Service & Others എന്നീ 5 കാറ്റഗറി ഫെഡറേഷനുകൾ രൂപീകരിച്ചു.

- തീരദേശ ജില്ലകളിലെയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിക്കുന്നതിന് സ്നേഹതീരം പദ്ധതി നടപ്പിലാക്കുന്നു. തീരദേശ പ്രവർത്തന പരിധിയിലുള്ള പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ സാഫുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ കോട്ടയം ജില്ലയിലെ 5 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ഗ്രൂപ്പ് രൂപീകരിക്കുകയും 50,000/- രൂപ ലോൺ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക യൂണിറ്റുകൾക്ക് Re-lend ചെയ്യാവുന്നതാണ്.
- മത്സ്യവിൽപ്പനയിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കായി ഫിഷറീസ് വകുപ്പും CIFT ഉം ചേർന്ന് 20 കിയോസ്കുകളും കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിൻറെ CSR ഫണ്ട് ഉപയോഗിച്ച് CIFT രൂപകല്പന ചെയ്ത 20 കിയോസ്കുകളും ആയി 40 കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. 83 മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.
- അഷ്ടമുടിഫേസ് II പദ്ധതി പ്രകാരം രൂപീകരിച്ച അപ്പാരൽ കൺസോർഷ്യം കോവിഡിനെ തുടർന്ന് നഷ്ടത്തിൽ ആവുകയും ഈ കാലഘട്ടത്തിൽ തുടർ പ്രവർത്തനം ആരംഭിക്കുകയും ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
- സാഫിലെ ഗുണഭോക്താക്കളിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് National Minority Development & Finance Corporation (NMDFC) യുടെ കുറഞ്ഞ പലിശ നിരക്കിൽ എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന 5 യൂണിറ്റുകളിൽ നിന്നുള്ള 11 ഗുണഭോക്താക്കൾക്ക് 8.25 ലക്ഷം രൂപയുടെ വായ്പ KSWDC മുഖേന അനുവദിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഗുണഭോക്താക്കൾക്ക് ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- 2024-25 വർഷത്തിൽ (ജനുവരി 2024 വരെ) 12247.17 കോടി രൂപയിൽ (Annual Sales Volume) എത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പ്, ജീവനോപാധി സുരക്ഷിതത്വം, യൂണിറ്റുകൾ മിനിമം വേതനമായി 8000 രൂപ എന്നിവ ഉറപ്പുവരുത്തുവാൻ സാധിച്ചു. വരും വർഷങ്ങളിൽ യൂണിറ്റുകളുടെ Annual Sales Volume 200 കോടിയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 2**

**ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ**

**1. മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ സമാശ്വാസപദ്ധതി**

മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ അവരുടെ ജീവസന്ധാരണത്തിനും മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയും നടപ്പിലാക്കുന്ന പദ്ധതിയാണ്.

**2. കേരള റിസർവോയർ ഫിഷറീസ് ഡവലപ് മെന്റ് പദ്ധതി**

കൂടുതൽ മത്സ്യലഭ്യത ഉറപ്പാക്കി മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇരട്ടയാർ, ആനയിറങ്കൽ, പൊൻമുടി, മാട്ടുപ്പെട്ടി റിസർവോയറുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി ജില്ലയിൽ നടപ്പിലാക്കുന്നു.

**3. പ്രീ മെട്രിക് പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം**

മത്സ്യത്തൊഴിലാളി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു.

**4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ നൽകുന്ന പദ്ധതി**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

ഇടുക്കി ജില്ലയിൽ ആകെ 329 പേർ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകുന്ന ആനുകൂല്യങ്ങൾ വേഗത്തിൽ എത്തിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊടുപുഴ കേന്ദ്രമായി ഒരു സബ് ഓഫീസ് പ്രവർത്തനം ആരംഭിക്കുകയും മുഴുവൻസമയവും ഓഫീസ് പ്രവർത്തനങ്ങൾക്കായി ഒരു കോർഡിനേറ്ററുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ 5 പേർക്ക് 50,000/- രൂപ വിവാഹ ധനസഹായവും 3 പേർക്ക് 45,000/- രൂപ മരണാനന്തര ധനസഹായവും ഒരാൾക്ക് അപകട മരണ ഇൻഷുറൻസ് ധനസഹായമായി 10,00,000/- രൂപയും നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ മുട്ടം, കരിക്കുന്നം എന്നിവിടങ്ങളിൽ മത്സ്യഫെഡ് ഫിഷ് ബൂത്തുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ സാഫ് ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി നടപ്പിലാക്കി. 16 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 7 ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 12.56 ലക്ഷം രൂപ ഗ്രാൻറ് അനുവദിച്ചു. Provision store,Fish booth, Tailoring, Embroidery & Garments , Cattle farm എന്നീ സംരംഭങ്ങളാണ് ആരംഭിച്ചിരിക്കുന്നത്. ടി യൂണിറ്റുകൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ 16.84 ലക്ഷം രൂപയുടെ വിറ്റുവരവ് ലഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 3

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2023-24 & 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് 85.7723 കോടി രൂപയുടെ (മത്സ്യ കൃഷി വികസനം 71.2558 കോടി രൂപ + മത്സ്യ കൃഷി വിപുലീകരണ സേവനങ്ങൾ 14.5165 കോടി രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം മത്സ്യകൃഷിരീതികളിലും ഇനങ്ങളിലുമുള്ള വൈവിദ്ധ്യവൽക്കരണം നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യ കൃഷികളായ ഒരു നെല്ലും ഒരു മീനും , കാർപ്പ് മത്സ്യകൃഷി, കുളങ്ങളിലെ ചെമ്മീൻ/മത്സ്യ കൃഷി, വിവിധ നൂതന സാങ്കേതിക വിദ്യയിലൂടെ ഉള്ള ബയോഫ്ലോക്ക്, RAS, കൂടുകളിലെ മത്സ്യകൃഷി ഉൾപ്പെടെ 25 ഇനം മത്സ്യകൃഷി രീതികൾ നടപ്പിലാക്കിവരുന്നു. ഇതിന് പുറമേ മത്സ്യകൃഷിക്ക് അനുയോജ്യമായതും എന്നാൽ നിലവിൽ തരിശ് കിടക്കുന്നതുമായ പൊതുജലാശയങ്ങൾ /തോടുകൾ/ കനാലുകൾ എന്നിവ വൃത്തിയാക്കി പരിസ്ഥിതി സൗഹൃദ രീതിയിൽ തടയണ കെട്ടിയും വലവളപ്പുകൾ നിർമ്മിച്ചും തദ്ദേശിയ മത്സ്യ വിത്ത് നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ പരിപാലനം നടത്തുന്നതിനായി 50 ha പ്രദേശത്ത് എംബാങ്ക്മെൻറ് മത്സ്യ കൃഷിയും 40 എണ്ണം കൂടുകളിലെ വലവളപ്പുകളിലെ കൃഷിയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2023-25 വർഷത്തിൽ ജനകീയ മത്സ്യകൃഷി പദ്ധതിക്കായി ഇടുക്കി ജില്ലക്ക് 300.35 ലക്ഷം രൂപക്കുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു .

പീരുമേട് മണ്ഡലത്തിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ഘടക പദ്ധതികളായ കാർപ്പ് മത്സ്യകൃഷി, സെമി ഇന്റൻസീവ് തിലാപ്പിയ മത്സ്യകൃഷി, സെമി ഇന്റൻസീവ് വരാൽമത്സ്യകൃഷി, സെമി ഇന്റർസീവ് ആസാംവാള മത്സ്യകൃഷി, പുനർചംക്രമണ മത്സ്യകൃഷി, തിലാപ്പിയ, തിലാപ്പിയ ബയോഫ്ലോക്, പടുതാകളങ്ങളിലെ വരാൽ മത്സ്യകൃഷി, പടുതാകളങ്ങളിലെ ആസ്സാംവാള മത്സ്യകൃഷി എന്നിവയും പ്രധാൻമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയുടെ ഘടക പദ്ധതികളായ പുനർചംക്രമണ മത്സ്യകൃഷി, തിലാപ്പിയ, തിലാപ്പിയ ബയോഫ്ലോക്, മിനി ആർ.എ.എസ്., ഇൻപുട്ട് ഫോർ ഫ്രഷ് വാട്ടർ അക്വാ കൾച്ചർ, കൺസ്ട്രക്ഷൻ ഓഫ് ന്യൂ ഗ്രോട്ട് പോണ്ട് എന്നിവ നടപ്പിലാക്കിവരുന്നു.

പഞ്ചായത്ത് വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന മുറ്റത്തൊരു മീൻതോട്ടം, വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി എന്നിവയും നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട് മണ്ഡലത്തിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികളാണ്.

**സെക്ഷൻ ഓഫീസർ**